"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ബഹു.കേരള ഹൈക്കോടതിയുടെ WP(C) No. 35538/2023 ലേയും അനുബന്ധ കേസുകളിലെയും വിധിന്യായം - കോവിഡ് 19 കാലയളവിൽ അതിജീവന കിറ്റ് വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾക്കു കമ്മീഷൻ ഇനത്തിൽ നൽകാനുള്ള തുകയുടെ 50% ആദ്യ ഗഡുവായി നൽകുന്നതിന് അനുമതി നൽകിയ ഉത്തരവ് -തിരുത്തൽ വരുത്തി- ഉത്തരവാകുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പ്**

**G.O.(Ms)No.15/2024/F&CS** തീയതി,തിരുവനന്തപുരം, **10-09-2024**

---

പരാമർശം:- **07.09.2024** ലെ സ.ഉ. (കൈ) നം.**14/2024**/ഭ.പൊ.വി.വ

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം, ബഹു ഹൈക്കോടതിയുടെ WP(C)No. 35535/2023 മുതലായ കേസുകളിലേയും അനുബന്ധ കേസുകളിലേയും വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കേസിൽ കക്ഷിചേർന്നിട്ടുള്ള റേഷൻ വ്യാപാരികൾക്ക് 2020 മുതൽ 2021 വരെയുള്ള കാലയളവിൽ, റേഷൻ കടകൾ വഴി അതിജീവന കിറ്റുകൾ വിതരണം ചെയ്ത വകയിൽ കമ്മീഷൻ ഇനത്തിൽ നൽകുവാനുള്ള തുകയുടെ ആദ്യ ഗഡുവായി 17,22,43,000/- രൂപ (പതിനേഴ് കോടി ഇരുപത്തിരണ്ട് ലക്ഷത്തി നാൽപ്പത്തിമൂവായിരം രൂപ) അനുവദിച്ചും കൊണ്ടും ആയത് വിതരണം ചെയ്യുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർക്ക് അനുമതി നൽകികൊണ്ടും ഉത്തരവായിട്ടുള്ളതാണ്. എന്നാൽ തുടർന്നുള്ള പരിശോധനയിൽ പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള WP(C) No. 35500/2023 കേസ് കിറ്റ് കമ്മീഷനുമായി ബന്ധപ്പെട്ടതല്ലഎന്നും ആയത് തെറ്റായി ഉൾപ്പെടുത്തിയിട്ടുള്ളതാണ് എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ, പരാമർശം ഉത്തരവിലെ W P(C) No. 35500/2023 എന്നത് W P(C) No. 35538/2023 എന്നായി തിരുത്തി ഉത്തരവാകുന്നു.

പരാമർശം (1) പ്രകാരമുള്ള ഉത്തരവ് മേൽ പരിഷ്ക്കാരത്തോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SEENA A N**

**JOINT SECRETARY**

1. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ
2. അഡ്വക്കേറ്റ് ജനറൽ, കേരളം (ആമുഖ കത്ത് സഹിതം)
3. രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി (ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) & (ആഡിറ്റ്), തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (31/8/2024ലെ E:2604178-Agri-C2/161/2023-FIN പ്രകാരം)
6. വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)

7. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
K R Remya
Date: 10-09-2024 17:07:19

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്